# കേരളസർവകലാശാല

നം.പി.ആർ.215/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം – 2021
### ഓൺലൈൻ അപേക്ഷ അവസാന തീയതി ഒക്ടോബർ 23

കേരളസർവകലാശാലയുടെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള (സ്പെഷ്യൽ സപ്ലിമെന്ററി) ഓൺലൈൻ രജിസ്ട്രേഷൻ ഒക്ടോബർ 23 ന് അവസാനിക്കുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയവർ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് തുടർ ആവശ്യത്തിനായി സൂക്ഷിക്കണം.

സ്പോർട്സ്ക്വാട്ട പ്രവേശനത്തിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്ത ശേഷം പ്രൊഫൈലിൽ ലഭ്യമാകുന്ന പ്രോഫോമ തങ്ങൾ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ (സ്പോർട്ട്സ്ക്വാട്ട പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം) നേരിട്ടോ ഇ-മെയിൽ മുഖാന്തിരമോ ഒക്ടോബർ 23 ന് വൈകിട്ട് 3 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. കോളേജുകളുടെ ഇ-മെയിൽ ഐ.ഡി. അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 മേയിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.എസ്സി. ഇലക്ട്രോണിക്സ് ഡിഗ്രി കോഴ്സിന്റെ പ്രായോഗിക പരീക്ഷ ഒക്ടോബർ 28 മുതൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### റിസർച്ച് പ്രോജക്ട് – അപേക്ഷാത്തീയതി നീട്ടി

കേരളസർവകലാശാലയുടെ കീഴിലുള്ള വിവിധ പഠനവകുപ്പുകളിലും, സെന്ററുകളിലുമുള്ള അദ്ധ്യാപകരിൽ നിന്ന് 2020 – 21 സാമ്പത്തിക വർഷത്തിലെ വിവിധ "റിസർച്ച് പ്രോജക്ട്" അവാർഡുകൾക്കു വേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നവംബർ 8 വരെ ദീർഘിപ്പിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
22.10.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**